REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-04-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- കേരളത്തിൽ ലോക്സഭാ തെരഞ്ഞെടുപ്പ് പോളിംഗ് ശതമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഏഴ് ശതമാനത്തോളം കുറവ്. പോളിംഗ് കുറഞ്ഞെങ്കിലും മൂന്ന് മുന്നണികളും വിജയ പ്രതീക്ഷയിൽ.
- ലോക്സഭ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് സുഗമമായും സുരക്ഷിതമായും പൂർത്തിയായെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
- വോട്ടിങ് യന്ത്രങ്ങളുടെ തകരാറും പോളിംഗ് മന്ദഗതിയിലായതും കാണിച്ച് കോൺഗ്രസ് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക് പരാതി നൽകി.
- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഇന്നലെ 68.49 ശതമാനം പോളിംഗ് രേഖപ്പെടുത്തിയെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ.
- ഡിജിലോക്കർ സേവനങ്ങൾക്ക് വ്യോമസേനയും ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവും ധാരണാപത്രം ഒപ്പുവച്ചു.
- IPL ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

കേരളത്തിൽ പോളിംഗ് ശതമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഏഴ് ശതമാനത്തോളം കുറവ് രേഖപ്പെടുത്തി.

തെരഞ്ഞെടുപ്പ് കമ്മീഷന്റെ കണക്കനുസരിച്ച് ഇന്നലെ 70.21 ശതമാനമായിരുന്നു പോളിംഗ്. അന്തിമ കണക്കുകൾ വരുമ്പോൾ പോളിംഗ് ശതമാനത്തിൽ നേരിയ വർദ്ധന ഉണ്ടായേക്കും. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 77.84 ശതമാനമായിരുന്നു പോളിംഗ്.

ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് വടകരയിലാണ് ഏറ്റവും ഉയർന്ന പോളിംഗ് - 77.36 ശതമാനം. പത്തനംതിട്ടയിൽ ഏറ്റവും കുറവ് - 60.85 ശതമാനം. മറ്റ് മണ്ഡലങ്ങളിലെ വോട്ടെടുപ്പ് ശതമാനം ഇപ്രകാരമാണ്.

ആലപ്പുഴ - 74.71

ആലത്തൂർ - 72.42

ആറ്റിങ്ങൽ - 68.02

ചാലക്കുടി - 70.80

എറണാകുളം - 66.94

ഇടുക്കി - 66.27

കണ്ണൂർ - 76.66

കാസർകോട് - 74.17

കൊല്ലം - 65.70

കോട്ടയം - 64.94

കോഴിക്കോട് - 74.51

മലപ്പുറം - 72.51

മാവേലിക്കര - 65.91

പാലക്കാട് - 71.80

പത്തനംതിട്ട - 60.85

പൊന്നാനി - 68.99

തിരുവനന്തപുരം - 64.55

തൃശൂർ - 72.80

വയനാട് - 72.70

വോട്ടെടുപ്പ് ശതമാനം കുറഞ്ഞതിൽ മുന്നണികൾക്ക് ആശങ്കയുണ്ടെങ്കിലും അവർ വിജയ പ്രതീക്ഷയാണ് പങ്കുവെക്കുന്നത്. കനത്ത ചൂടും വോട്ടെടുപ്പ് പ്രക്രിയയിലുണ്ടായ താമസവും പോളിംഗ് ശതമാനത്തിൽ കുറവ് വരുത്തിയെന്നാണ് വിലയിരുത്തൽ. പല മണ്ഡലങ്ങളിലും രാത്രി വൈകിയാണ് വോട്ടെടുപ്പ് അവസാനിച്ചത്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ പോളിംഗ് ശതമാനം കുറഞ്ഞെങ്കിലും ശുഭപ്രതീക്ഷയിലാണ് മൂന്ന് മുന്നണികളും. LDF -ന് ചരിത്ര വിജയം ലഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

UDF 20 മണ്ഡലങ്ങളിലും വിജയിക്കുമെന്ന് പ്രതിപക്ഷ നേതാവ് V.D. സതീശൻ വിശ്വാസം പ്രകടിപ്പിച്ചു.

കേരളത്തിലെ ജനങ്ങൾ ആദ്യമായി വികസനത്തിന് വേണ്ടി വോട്ട് ചെയ്യുമെന്ന് BJP സംസ്ഥാന പ്രസിഡന്റ് K. സുരേന്ദ്രൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് വോട്ടെടുപ്പ് കഴിഞ്ഞതോടെ ഇനി കണക്കുകൂട്ടലുകളുടെ നാളുകളാണ്. ഫലപ്രഖ്യാപനത്തിന് നീണ്ട 38 ദിനങ്ങളുടെ കാത്തിരിപ്പ് ആവേശം കെടുത്തുമെങ്കിലും സംഘടനാ സംവിധാനത്തിന്റെ താഴെത്തട്ടിൽ നിന്നും ശേഖരിക്കുന്ന വോട്ട് കണക്കുകൾ കൂട്ടിക്കിഴിച്ച് തിരഞ്ഞെടുപ്പ് വിലയിരുത്തലിലേക്ക് കടക്കാൻ ഒരുങ്ങുകയാണ് പ്രവർത്തകരും നേതാക്കളും. ജൂൺ നാലിനാണ് ഏഴ് ഘട്ടങ്ങളിലെയും വോട്ടെണ്ണൽ.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് സംസ്ഥാനത്ത് സുഗമമായും സുരക്ഷിതമായും പൂർത്തിയായെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. വൈകിട്ട് ആറിന് ശേഷവും ക്യൂവിലുണ്ടായിരുന്ന മുഴുവൻ പേർക്കും വോട്ട് ചെയ്യാൻ അവസരം ഒരുക്കി.

സംസ്ഥാനത്തൊരിടത്തും അനിഷ്ട സംഭവങ്ങൾ ഉണ്ടായില്ല. ചിലയിടങ്ങളിലെ സാങ്കേതിക പ്രശ്നങ്ങളും പരാതികളും അപ്പപ്പോൾ തന്നെ പരിഹരിക്കാൻ കഴിഞ്ഞുവെന്ന് അദ്ദേഹം അറിയിച്ചു.

കടുത്ത ചൂടും പ്രതികൂല കാലാവസ്ഥയും അവഗണിച്ച് യുവ വോട്ടർമാരും സ്ത്രീവോട്ടർമാരുമടക്കം എല്ലാ

വിഭാഗങ്ങളും ആവേശത്തോടുകൂടി തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭാഗഭാക്കായിയെന്നാണ് വിലയിരുത്തൽ.

വോട്ടർമാർക്ക് കുടിവെള്ളം, ഭിന്നശേഷിക്കാരായ വോട്ടർമാർക്ക് ബൂത്തുകളിൽ വീൽചെയർ, റാമ്പ്, പ്രത്യേക ക്യൂ എന്നിവ അടക്കം സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു.

66,303 പൊലീസ് ഉദ്യോഗസ്ഥർ ബൂത്തുകൾക്ക് സുരക്ഷ നൽകി. എട്ട് ജില്ലകളിൽ മുഴുവൻ ബൂത്തുകളിലും ആറ് ജില്ലകളിലെ 75 ശതമാനം ബൂത്തുകളിലും തത്സമയ നിരീക്ഷണത്തിന് വെബ്കാസ്റ്റിങ് ഏർപ്പെടുത്തിയിരുന്നു.

വോട്ടിങ് പൂർത്തിയായ ശേഷം വോട്ടിംഗ് യന്ത്രങ്ങൾ പോളിങ് ബൂത്തുകളിൽ നിന്ന് സുരക്ഷിതമായി 140 കളക്ഷൻ കേന്ദ്രങ്ങളിലെത്തിച്ചു. 20 കേന്ദ്രങ്ങളിലെ സ്ട്രോങ് റൂമുകളിലാണ് അവ സൂക്ഷിക്കുന്നത്. അതീവ സുരക്ഷാ സംവിധാനങ്ങൾ സ്ട്രോങ് റൂമുകൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ പല ബൂത്തുകളിലെയും വോട്ടിങ് യന്ത്രങ്ങളുടെ തകരാറും മന്ദഗതിയിലെ പോളിങ്ങും, മണിക്കൂറുകളോളം വോട്ടിങ് നിർത്തിവെയ്ക്കേണ്ടി വന്ന സാഹചര്യവും ഉൾപ്പെടെ വിഷയങ്ങൾ ഉന്നയിച്ച് കോൺഗ്രസ് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗളിന് പരാതി നൽകി. ഉദ്യോഗസ്ഥരുടെ അപര്യാപതയും വോട്ടിങ് മെഷീനിൽ വോട്ട് രേഖപ്പെടുത്താൻ വേണ്ടിവന്ന അധിക സമയവും മൂലം വോട്ടർമാർക്ക് ഏറെനേരം കാത്തുനിൽക്കേണ്ടിവന്നെന്ന് പരാതിയിൽ പറയുന്നു. മൊത്തത്തിൽ വോട്ടിങ്

മെഷീനുകൾക്ക് തകരാർ വന്നത് ബോധപൂർവമായ ഏതെങ്കിലും നടപടിയുടെ ഭാഗമാണോയെന്ന് സംശയമുണ്ടെന്നും ഇതേപ്പറ്റി തെരഞ്ഞെടുപ്പ് കമ്മീഷൻ അന്വേഷിക്കണമെന്നും KPCC ആക്ടിംഗ് പ്രസിഡന്റ് M.M. ഹസൻ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് ചില മണ്ഡലങ്ങളിൽ പോളിംഗ് രാത്രി ഏറെ വൈകി അവസാനിച്ചതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് KPCC പ്രസിഡണ്ട് കെ.സുധാകരൻ ആവശ്യപ്പെട്ടു. വടകരയിലും കണ്ണൂരിലും പോളിംഗ് നീണ്ടുപോവാൻ കാരണം ഉദ്യോഗസ്ഥ തലത്തിലെ അലംഭാവമാണെന്നും സുധാകരൻ കണ്ണൂരിൽ പറഞ്ഞു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഇന്നലെ 68.49 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏഴ് സംസ്ഥാനങ്ങളിൽ 70 ശതമാനത്തിലേറെയായിരുന്നു പോളിംഗ്.

ത്രിപുരയിലാണ് ഏറ്റവും ഉയർന്ന പോളിംഗ് ശതമാനം - 79.66. മണിപ്പൂരിൽ 78.78 ശതമാനവും അസമിൽ 77.35 ശതമാനവും പോളിംഗ് ഉണ്ടായി. ഛത്തീസ്ഗഡിൽ 75.16 ശതമാനവും പശ്ചിമ ബംഗാളിൽ 73.78 ശതമാനവുമായിരുന്നു പോളിംഗ്. ജമ്മുകശ്മീരിൽ 72.32 ശതമാനം പോളിംഗ് ഉണ്ടായി.

54.85 ശതമാനം പേർ വോട്ട് ചെയ്ത ഉത്തർ പ്രദേശിലാണ് ഏറ്റവും കുറവ് പോളിംഗ്. ബീഹാറിൽ 57.81 ശതമാനം പേർ

വോട്ടു ചെയ്തു. മധ്യപ്രദേശിൽ 58.26 ശതമാനമാണ് പോളിംഗ്. മഹാരാഷ്ട്രയിൽ 59.63 ശതമാനവും രാജസ്ഥാനിൽ 64.07 ശതമാനവും കർണാടകയിൽ 68.47 ശതമാനവും പോളിംഗ് രേഖപ്പെടുത്തി.

അവസാന കണക്കുകൾ കൂടി ലഭ്യമാകുന്നതോടെ വോട്ടിംഗ് ശതമാനം നേരിയ തോതിൽ ഉയർന്നേക്കും.

✪✪✪

കേരളത്തിലെ 20 മണ്ഡലങ്ങൾ ഉൾപ്പെടെ രാജ്യത്താകമാനം 13 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 88 മണ്ഡലങ്ങളിലേക്കാണ് ഇന്നലെ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടന്നത്. ഇതോടെ 14 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും വോട്ടെടുപ്പ് പൂർത്തിയായി. ഒരുലക്ഷത്തിലധികം പോളിംഗ് ബൂത്തുകളിൽ വെബ്കാസ്റ്റിംഗ് സൗകര്യമൊരുക്കിയിരുന്നു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അഞ്ചാം ഘട്ടത്തിന് ഇന്നലെ വിജ്ഞാപനം പുറപ്പെടുവിച്ചു. ആറ് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 49 ലോക്സഭാ സീറ്റുകളിലേക്ക് മെയ് 20-നാണ് വോട്ടെടുപ്പ്.

✪✪✪

ഇന്ത്യയെ ലോകത്തെ മികച്ച സാമ്പത്തിക ശക്തികളിലൊന്നാക്കി മാറ്റിയത് പ്രധാനമന്ത്രി നരേന്ദ്രമോദിയാണെന്ന് BJP അധ്യക്ഷൻ J.P നദ്ദ പറഞ്ഞു. രാജ്യത്താകമാനം മാറ്റം കൊണ്ടുവന്ന പ്രധാനമന്ത്രി കഴിഞ്ഞ

ദശകത്തിൽ പുതിയ വികസന പദ്ധതികളുമായി മുന്നോട്ട് പോകുകയായിരുന്നുവെന്നും അദ്ദേഹം കർണാടകയിലെ ബിദാറിൽ തെരഞ്ഞെടുപ്പ് റാലിയിൽ പറഞ്ഞു.

പത്ത് വർഷം മുമ്പ് വരെ ആളുകൾ എല്ലാ നേതാക്കന്മാരും ഒരുപോലെയാണെന്നും രാജ്യത്ത് മാറ്റം കൊണ്ടുവരുന്നതിൽ ആർക്കും താൽപര്യമില്ലെന്നും എല്ലാവരുടെയും ഭരണരീതി ഒരേ തരത്തിലാണെന്നും പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ നരേന്ദ്രമോദി വികസനത്തിന്റെ പാതയിൽ രാജ്യത്തെ സമഗ്ര മാറ്റത്തിന് വിധേയമാക്കിക്കഴിഞ്ഞുവെന്നും നദ്ദ പറഞ്ഞു.

✪✪✪

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ ഇന്ന് അസമിലെ ബർപേട മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. വൈകിട്ട് മാധ്യമങ്ങളുമായി ഗോഹട്ടിയിൽ അദ്ദേഹം സംവദിക്കുകയും ചെയ്യും.

അസം മുഖ്യമന്ത്രിയും മുതിർന്ന BJP നേതാവുമായ ഹിമന്ത വിശ്വശർമ്മയും ഇന്ന് തെരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും.

മൂന്നാം ഘട്ടത്തിൽ മെയ് ഏഴിനാണ് അസമിലെ നാല് സീറ്റുകളിൽ വോട്ടെടുപ്പ്.

✪✪✪

ഡിജിലോക്കറിന്റെ സുരക്ഷിതവും ലളിതവുമായ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ വ്യോമസേനയും ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി

മന്ത്രാലയവും ധാരണാപത്രം ഒപ്പുവച്ചു. രേഖാ ശേഖരണ സേവനങ്ങൾ പ്രയോജനപ്പെടുത്താനായി ഡിജിലോക്കർ പ്ലാറ്റ്ഫോമുമായി സംയോജിപ്പിച്ചാണ് വായുസേന പുതിയ ഡിജിറ്റൽ യാത്ര ആരംഭിച്ചത്. ഡിജിറ്റൽ ഇന്ത്യ പ്രോഗ്രാമിന് കീഴിലെ പ്രധാന സംരംഭമാണിത്.

പുതിയ ചുവടുവെപ്പ് സേവായുസേനാ ഉദ്യോഗസ്ഥരുടെ നിർണായക സേവന രേഖകളിൽ വിപ്ലവം സൃഷ്ടിക്കുമെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ പഞ്ചാബ് കിങ്സ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ 8 വിക്കറ്റിന്പരാജയപ്പെടുത്തി.

ഇന്ന് ഡൽഹി ക്യാപിറ്റൽസ്, മുംബൈ ഇന്ത്യൻസിനെ നേരിടും. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ വൈകീട്ട് മൂന്നരക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ രണ്ടാം പാദ മത്സരത്തിൽ ഒഡിഷ, നാളെ മോഹൻ ബഗാൻ FC യെ നേരിടും. കൊൽക്കത്തയിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

തിരുവനന്തപുരം - കോഴിക്കോട്- തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസിൽ മറ്റന്നാൾ വരെ ഓരോ അഡീഷണൽ ചെയർ കാർ കോച്ചുണ്ടാകുമെന്ന് റെയിൽവെ അറിയിച്ചു. യാത്രക്കാരുടെ തിരക്ക് പരിഗണിച്ചാണ് നടപടി.

✪✪✪

കണ്ണൂർ കാടാച്ചിറയ്ക്കടുത്ത് കീഴറയിൽ ഇന്നലെ വൈകിട്ട് ബസ് ഓട്ടോയിലിടിച്ച് ഓട്ടോ ഡ്രൈവർ മരിച്ചു. കാടാച്ചിറയിലെ സുനിത്ത് കുമാറാണ് മരിച്ചത്.

✪✪✪

ആലപ്പുഴ എടത്വ പള്ളിയിലെ പെരുന്നാളിന് ഇന്ന് കൊടിയേറും. അടുത്തമാസം 14-ന് എട്ടാമിടത്തോടെ തിരുനാൾ സമാപിക്കും.

✪✪✪